പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1212

20.03.2012 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി.രണ്ടാം ഘട്ടത്തിലെ റോഡ് നിർമ്മാണ പ്രവർത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്. സലീഖ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിലെ റോഡ് നിർമ്മാണത്തിന് ലോക ബാങ്കിൽ നിന്നും കേരളത്തിന് എത്ര കോടി രൂപ വായ്പ ലഭിക്കുവാൻ സാധ്യതയുണ്ട്;<br>(ബി) പ്രസ്തുത തുക സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിനായി എപ്രകാരം വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) & (ബി) | കേരളത്തിൽ ആകെ 367 കി.മീ. ദൈർഘ്യം വരുന്ന 7 റോഡുകളുടെ പുനരുദ്ധാരണമാണ് കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കൂടാതെ 1000 കി.മീ. റോഡുകളുടെ ഹെവിമെയിന്റനൻസ്, റോഡുസുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച 254 കി.മീ. റോഡുകളും 28 ഹെവി മെയിന്റനൻസ് റോഡുകളും ദീർഘകാലാടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ ചെയ്യുക എന്നിവ കൂടി കെ.എസ്.ടി.പി.രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം 2012 ഫെബ്രുവരി മാസം കേരളം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് മൊത്തം 2942 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ ലോകബാങ്കിന്റെ വായ്പ 648 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ടി തുകകൂടി ഉപയോഗിച്ചാണ് കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുപ്രവൃത്തികൾ ചെയ്യുന്നത്.

(സി) രണ്ടാംഘട്ട റോഡ് വികസനത്തിന്റെ ഭാഗമായി എത്ര കിലോമീറ്റർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു; ആയതിലേയ്ക്ക് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഇനി എത്ര കിലോമീറ്റർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്; ആയതിലേയ്ക്ക് എത്ര കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(സി) & (ഡി) കെ.എസ്.ടി.പി. രണ്ടാം ഘട്ടവികസനത്തിനായി ചില സ്ഥലങ്ങളിലുള്ള കുറച്ച് ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിന്റെ കിലോമീറ്ററിലുള്ള അളവ് ലഭ്യമല്ല. എങ്കിലും ആകെ ഏറ്റെടുക്കേണ്ട ഭൂമിയുടെ 96% വും ഏറ്റെടുത്തിട്ടുണ്ട്. ഇതിനായി ഏകദേശം 205 കോടി രൂപ ചെലവഴിച്ചു. ഇനി 4% ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതിനായി ഏകദേശം 50 കോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

Sabitha

സെക്ഷൻ ഓഫീസർ